KSFESA
CITU

# KERALA STATE
# FINANCIAL ENTERPRISES STAFF ASSOCIATION

**Reg. No. 181/71, Kottappuram Road, Thrissur - 4, Ph : 0487-2384321**
**(Affiliated to C.I.T.U.R.No.K.1128)**
**E-mail : ksfesacitu@yahoo.co.in   Web : www.ksfesa.com**

President
**A.K.Balan MLA**
Mob : 9846361111

General Secretary
**S.Muraleekrishna Pillai**
Mob : 9446538432

**സർക്കുലർ 06/2013**

സഖാക്കളെ, സുഹൃത്തുക്കളെ,

2013 ഡിസംബർ 17 രാവിലെ 10.30ന് തിരുവനന്തപുരം ചൈത്രം ഹോട്ടലിൽ വച്ച് പെൻഷൻ, പേ-റിവിഷൻ എന്നീ വിഷയങ്ങളിൽ ചർച്ച നടന്നു. ഇടക്കാലാശ്വാസം കുടിശിക സഹിതം 20-ാം തീയതിയോടെ വിതരണം ചെയ്യുമെന്നും ഈ മാസത്തെ ശമ്പളം മുൻകൂറായി മുൻവർഷങ്ങളിലെപ്പോലെ വിതരണം ചെയ്യുമെന്നും ചെയർമാൻ അറിയിച്ചു. ബിസിനസ് പ്രവർത്തനങ്ങളിൽ ജീവനക്കാരുടെ മാതൃകാപരമായ പ്രവർത്തനത്തെ ചെയർമാൻ അഭിനന്ദിച്ചു.

ചർച്ചയ്ക്ക് മുന്നോടിയായി അസിസ്റ്റന്റുമാരുടെ സ്ഥലംമാറ്റം, അസിസ്റ്റന്റ് മാനേജർ തസ്തികയിലേയ്ക്കുള്ള പ്രമോഷൻ എന്നീ വിഷയങ്ങളിൽ നാം ശക്തിയായി പ്രതിഷേധം അറിയിച്ചു. ഗർഭിണികളായ ജീവനക്കാരുടെയും വിദൂര ജില്ലകളിൽ പണിയെടുക്കുന്നവരുടെയും ന്യായമായ സ്ഥലംമാറ്റം അപേക്ഷകൾപോലും പരിഗണിയ്ക്കാതിരുന്ന സമീപനം അംഗീകരിയ്ക്കാനാവില്ലെന്ന് നാം അറിയിച്ചു. അസി.മാനേജർ തസ്തികയിലേയ്ക്കുള്ള പ്രമോഷൻ വൈകുന്നതിൽ നാം അമർഷം രേഖപ്പെടുത്തി. ട്രാൻസ്ഫറിലെ അപാകതകൾ അനുഭാവപൂർവ്വം പരിഗണിക്കുമെന്നും അസി.മാനേജർ തസ്കികയിലേയ്ക്കുള്ള പ്രമോഷൻ ഡിസംബറിൽ തന്നെ നൽകുമെന്നും ചെയർമാൻ അറിയിച്ചു.

**പെൻഷൻ**

കേരളാ സ്റ്റേറ്റ് ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ, FACT, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങളിലെ തൊഴിലാളികളെയും മാനേജ്മെന്റിനെയും പ്രതിനിധീകരിച്ചുകൊണ്ട് ബഹു: കേരളാ ഹൈക്കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ട വിവിധ ഹർജികളിന്മേൽ സുപ്രധാനമായ ഒരു വിധി ഇക്കാലയളവിൽ ഉണ്ടായി. EPS' 95ലെ പരമാവധി പെൻഷൻ കണക്കാക്കുന്ന ശമ്പളം 6500 രൂപ എന്ന് നിജപ്പെടുത്തിയതിനെതിരെയായിരുന്നു പ്രധാനമായും ഹർജികൾ. 6500 രൂപ എന്ന പരിധി എടുത്തുകളയുക എന്ന ആനുകൂല്യം ലഭിക്കുന്നതിന് 1-12-2004ന് മുമ്പായി മാനേജ്മെന്റും തൊഴിലാളികളും സംയുക്തമായി പി.എഫ് അധികാരികളെ സമീപിക്കണമെന്നായിരുന്നു EPFO യുടെ നിലപാട്. എന്നാൽ ഈ Cut off date ന് യാതൊരു നിയമസാധുതയുമില്ലെന്നും അങ്ങനെയൊരു Cut off date വയ്ക്കാൻ പി.എഫ്.ആക്ടിലും EPS' 95ലും വ്യവസ്ഥയില്ലെന്നും ഹർജിക്കാർ വാദിച്ചു. ബഹു: കേരളാഹൈക്കോടതിയുടെ സിംഗിൾ ബഞ്ചും പിന്നീട് ഡിവിഷൻ ബഞ്ചും ഹർജിക്കാരുടെ വാദം അംഗീകരിച്ച് വിധി പ്രസ്താവിക്കുകയുണ്ടായി. ഇതോടുകൂടി ഹർജിക്കാരുടെ Pensionable Salary 6500 രൂപ എന്നത് മാറും. പകരം അവരുടെ ***Pensionable Salary**** സർവ്വീസിന്റെ അവസാനകാലത്തെ 12 മാസത്തെ ശമ്പളത്തിന്റെ (BP+DA) ശരാശരി തുകയാകുകയും ചെയ്യും.

| | |
|---|---|
| ഹൈക്കോടതി വിധിയ്ക്ക് മുമ്പ് ഹർജിക്കാരുടെ പെൻഷൻ കണക്കാക്കുന്ന രീതി | $\dfrac{\text{എലിജിബിൾസർവ്വീസ് (16-11-95 മുതൽ)} \times 6500}{70}$ |
| ഹൈക്കോടതി വിധിയ്ക്ക് ശേഷം ഹർജിക്കാരുടെ പെൻഷൻ കണക്കാക്കുന്ന രീതി | $\dfrac{\text{എലിജിബിൾസർവ്വീസ് (16-11-95 മുതൽ)} \times \textit{pensionable salary*}}{70}$ |

തൊഴിലാളിയെ സംബന്ധിച്ചിടത്തോളം റിട്ടയർ ചെയ്യുന്ന സമയത്തുള്ള ശമ്പളത്തിന് ആനുപാതികമായി പെൻഷൻ ലഭിക്കുന്നു എന്നത് മാത്രമാണിതിന്റെ പ്രത്യേകത. ഇതിനായി മാനേജ്മെന്റോ തൊഴിലാളികളോ അധികവിഹിതം നൽകേണ്ടതില്ല. ശമ്പളത്തിന്റെ $8\frac{1}{3}$ % EPS' 95 ഫണ്ടിലേക്ക് മാനേജ്മെന്റ് തുടർവിഹിതം

അടയ്ക്കും. 16-11-95 മുതൽ മുൻകാല പ്രാബല്യത്തോടെ പി.എഫിൽ നിന്നും പെൻഷൻ ഫണ്ടിലേയ്ക്ക് ശമ്പളത്തിനാനുപാതികമായ തുക വരവ് വയ്ക്കേണ്ടി വരും. അതായത് തൊഴിലാളികളുടെ പി.എഫിൽ ആനുപാതികമായ കുറവുണ്ടാകും.

എന്നാൽ 2000 മുതൽ കേന്ദ്ര സർക്കാർ EPS' 95 പെൻഷൻകൾക്ക് ഡി.എ നൽകുന്നില്ല. രണ്ടാം യു.പി.എ സർക്കാർ കമ്മ്യൂട്ടേഷൻ വ്യവസ്ഥയും റിട്ടേൺ ഓഫ് ക്യാപ്പിറ്റൽ വ്യവസ്ഥയും എടുത്തുകളഞ്ഞ് EPS' 95 നെ കൂടുതൽ അനാകർഷകമാക്കിയിട്ടുണ്ട്. എന്നാൽ സി.ഐ.ടി.യു നേതൃത്വത്തിൽ നടന്ന സംയുക്ത ട്രേഡ് യൂണിയൻ പ്രക്ഷോഭത്തിന്റെയും 2013 ഫെബ്രുവരി 20, 21 തീയതികളിൽ നടന്ന ദേശീയ പണിമുടക്കിന്റെയും പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ മന്ത്രിസഭാ ഉപസമിതിയെ രൂപീകരിച്ചെങ്കിലും EPS' 95 നെ ശക്തിപ്പെടുത്താനുള്ള തീരുമാനം നടപ്പാക്കാനുള്ള ആർജ്ജവം കേന്ദ്രസർക്കാർ ഇനിയും എടുത്തിട്ടില്ല. കേന്ദ്ര തൊഴിൽവകുപ്പും EPFO യും താഴെ കൊടുക്കുന്ന നിർദ്ദേശങ്ങൾ കേന്ദ്രസർക്കാറിന് സമർപ്പിച്ചിട്ടുണ്ട്.

1. മിനിമം പെൻഷൻ 3000 രൂപയായി ഉയർത്തണം.
2. EPS' 95ലെ 6500 രൂപ എന്ന പരിധി 15,000 രൂപയായി ഉയർത്തണം.
3. EPS' 95 ലെ കേന്ദ്രസർക്കാർ വിഹിതം 1.16% ൽ നിന്ന് 1.79% ആയി ഉയർത്തണം.

പിൻവലിച്ച ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ച് EPS' 95 ശക്തിപ്പെടുത്തണമെന്ന ആവശ്യം ശക്തമായി ഉയരുന്ന സാഹചര്യത്തിലാണ് മേൽസൂചിപ്പിച്ച ഹൈക്കോടതി വിധിയെന്നത് ശ്രദ്ധേയമാണ്. എന്നാൽ ഹൈക്കോടതി വിധിയ്ക്കെതിരെ പി.എഫ് കമ്മീഷണർ ബഹു: സുപ്രീം കോടതിയിൽ Special leave petition ഫയൽ ചെയ്തിരിക്കുകയാണ്. ഇതിൽ കെ.എസ്.എഫ്.ഇയും (മാനേജ്മെന്റും ജീവനക്കാരും) കക്ഷി ചേരണമെന്ന ആവശ്യം നാം ഉയർത്തി. സമാനമായ ആവശ്യം OAയും ഉയർത്തി. മാനേജ്മെന്റ് നമ്മുടെ വാദം അംഗീകരിക്കുകയും എത്രയും വേഗം നിയമസാധുത പരിശോധിച്ച് തുടർനടപടികൾ സ്വീകരിയ്ക്കുമെന്ന് ഉറപ്പു നൽകുകയും ചെയ്തു. ഇതോടൊപ്പം 'തനതായ പെൻഷൻപദ്ധതി' നടപ്പാക്കുന്നതിനുള്ള തുടർ ചർച്ചകൾ നടത്താമെന്നും ചെയർമാൻ അറിയിച്ചു.

തനതായ പെൻഷൻ പദ്ധതി രൂപീകരിക്കുന്നതിന് Corpus Fund ലെ കുറവ് പരിഹരിയ്ക്കുന്നതിന് 5 വർഷം കൊണ്ട് 50 കോടി നൽകാമെന്ന നിർദ്ദേശം കഴിഞ്ഞ എൽ.ഡി.എഫ് മാനേജ്മെന്റ് മുന്നോട്ട് വച്ചിരുന്നു. അതിനാവശ്യമായ തുക സ്വരൂപിക്കുന്നതിന് അധിക ബിസിനസ് ചെയ്ത് സഹകരിയ്ക്കണമെന്നായിരുന്നു മാനേജ്മെന്റ് നിർദ്ദേശം. എന്നാൽ പുതിയ സാഹചര്യത്തിൽ, പെൻഷൻ ഫണ്ടിലെ കുറവ് പരിഹരിയ്ക്കാൻ നയാപൈസ പോലും നൽകാൻ നിർവാഹമില്ലെന്ന് 1-2-2013 നടന്ന ചർച്ചയിൽതന്നെ മാനേജ്മെന്റ് വ്യക്തമാക്കിയിരുന്നു. ഈ സാഹചര്യത്തിൽ മതിയായ സുരക്ഷ ഉറപ്പാക്കാതെയും സർക്കാർ ഗ്യാരന്റി ഇല്ലാതെയും തനത് പെൻഷൻ ഫണ്ട് രൂപീകരണ ചർച്ച അനന്തമായി നീട്ടിക്കൊണ്ട് പോകുന്നതിൽ അർത്ഥമില്ലെന്ന് നാം ചർച്ചയിൽ ചൂണ്ടികാട്ടി. എല്ലാ യൂണിയനുകളും സമാനമായ അഭിപ്രായപ്രകടനം നടത്തി.

തുടർന്ന് പേ-റിവിഷൻ അജണ്ടയിൽ ചർച്ച ആരംഭിച്ചു. ഫ്രിഞ്ച് ബനിഫിറ്റ് വിഭാഗത്തിൽ ബിസിനസ് കൺസ്ഷൻ മാത്രമാണ് ചർച്ചയ്ക്കെടുത്തത്. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | | 2007 | 2012 |
|---|---|---|---|
| 1 | Mangalya Loan | Amount equal to 10 times net salary Maximum 1.5 lakh @ cost of fund | Amount equal to 10 times net salary maximum 2.5 lakhs@ cost of fund |
| 2 | Vehicle Loan:<br>Two wheelers<br>Four Wheelers | Rs. 50,000<br>75% of cost subject to max 3 lakhs with interest rate of 11.5% | Rs. 60,000<br>75% of cost subject to max. 4.5 lakhs with interest rate of 11.5%(Restriction imposed on workmen will be withdrawn as per our demand) |
| 3 | House Loan | 50 times of BP subject to maximum Rs. 10 Lakhs Addl.<br>House Loan 3 Lakhs. | As per Government (The present practice of imposing four wheeler accessibility to the housing plots for employees housing loan & |

| | | | |
|---|---|---|---|
| | | | NHFS(employees) shall be withdrawn. The demand for sanctioning Employees House Loan to all confirmed employees shall be positively considered. Both demands were raised by our union) |
| 4 | Concession in interest rate:<br>a) Gold Loan<br>b) NHFS<br><br><br><br><br>c) RCL<br>d) CVL | Max. Amount<br><br>2.5% Rs. 50,000<br>2.5% a) Rs. 5,00,000 for those who have not availed Employees House Loan<br>b) Rs. 1,50,000 for those who have availed Employees House<br>3% Rs. 1,00,000/-<br>3% Rs. 1,00,000/- | Max. Amount<br><br>2.5% Rs. 1,00,000<br>2.5% a) Rs. 7,50,000 for those who have not availed Employees House Loan<br>b) Rs. 2,50,000 for those who have availed Employees House Loan<br>3% Rs. 2,00,000/-<br>3% Rs. 1,50,000/- |
| 5 | Fixed Deposit by employees & retired employees of KSFE FD Loan | Additional Interest rate 0.5%<br><br>FD Loan up-to 90% of FD at FD interest rate | Additional Interest rate 0.5%<br><br>FD Loan up-to 90% of FD at FD interest rate |
| 6 | Liability waiver on death | As in state Government (For Employees House Loan & Vehicle Loan Only) | As in state Government (For Employees House Loan & Vehicle loan only) |
| 7 | Liability Waiver on death (For other schemes) | | Will be discussed at the next session |

ചർച്ചയിൽ നാം ഉയർത്തിയ ആവശ്യങ്ങളും മാനേജ്മെന്റ് നിലപാടും ചുവടെ കൊടുക്കുന്നു.

1. സ്ഥാപനത്തിൽ നിയമനം ലഭിച്ച് ഒരു വർഷം പൂർത്തിയാക്കിയ എല്ലാ ജീവനക്കാർക്കും ഹൗസ് ലോൺ അനുവദിക്കണമെന്നുള്ള ആവശ്യം നിയമ സാധുത പരിശോധിച്ച് ആവശ്യമായ നിലപാട് സ്വീകരിക്കുമെന്ന് ചെയർമാൻ ഉറപ്പുനൽകി.
2. വർക്ക്മെൻ ജീവനക്കാർക്ക് വെഹിക്കിൾ ലോൺ (4 വീലർ) നിഷേധിക്കുന്ന സമീപനം തിരുത്തും.
3. എംപ്ലോയീസ് ഹൗസ് ലോൺ / NHFS (Employee) അപേക്ഷകരുടെ ഹൗസ് പ്ലോട്ടിന് four wheeler Accessibility വേണമെന്ന നിബന്ധന ഒഴിവാക്കും.
4. നിലവിൽ interest waiver on death ആനുകൂല്യം employees vehicle loan നും employees house loan നും മാത്രമാണ് ബാധകം. ചിട്ടി, മറ്റ് വായ്പാ പദ്ധതികൾ എന്നിവയ്ക്കും ഇത് ബാധകമാക്കണമെന്ന നിർദ്ദേശം മാനേജ്മെന്റ് തത്വത്തിൽ അംഗീകരിച്ചു. അടുത്ത സെക്ഷനിൽ ചർച്ച ചെയ്യാമെന്ന് മാനേജ്മെന്റ് അറിയിച്ചു. പെൻഷൻ, പേ-റിവിഷൻ ചർച്ച പൊതുവേ സൗഹാർദ്ദപരമായിരുന്നു. തുടർ ചർച്ച ജനുവരി 2-ാം വാരം ചേരാമെന്ന് ചെയർമാൻ അറിയിച്ചു. ചർച്ച 1.45ന് പര്യവസാനിച്ചു.

തുടർന്ന് 5.30ന് എം.എൽ.എ ക്വോർട്ടേഴ്സിൽവച്ച് പ്രസിഡന്റ് സഖാവ് എ.കെ.ബാലൻ എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന ഭാരവാഹികളുടെ യോഗം ചേർന്നു. സ: റ്റി.സി.രാധാകൃഷ്ണൻ ഒഴികെയുള്ള സംസ്ഥാന ഭാരവാഹികൾ പങ്കെടുത്തു. പെൻഷൻ, പേ-റിവിഷൻ ചർച്ചയുടെ വിശദാംശങ്ങളും മറ്റ് പ്രധാന വിഷയങ്ങളും ജനറൽസെക്രട്ടറി റിപ്പോർട്ട് ചെയ്തു. തുടർന്ന് താഴെ കൊടുക്കുന്ന തീരുമാനങ്ങൾ എടുത്തു.

1. അസ്സോസിയേഷൻ അംഗങ്ങളുടെ ന്യായമായ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കാതിരുന്ന മാനേജ്മെന്റ് നിലപാടിൽ യോഗം പ്രതിഷേധിച്ചു. തുടർന്ന് പ്രസിഡന്റ് ടെലിഫോൺ മുഖാന്തിരം ചെയർമാനോട് സംസാരിക്കുകയും പ്രശ്നങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് ചെയർമാൻ ഉറപ്പ് നൽകുകയും ചെയ്തു. (ഇതിന്റെ അടിസ്ഥാനത്തിൽ നാം മാനേജ്മെന്റിന് കത്ത് നൽകിയിട്ടുണ്ട്)

2. അംഗങ്ങളുടെ മാസവരി കുടിശ്ശിക ഡിസംബറിൽ തന്നെ കളക്ട് ചെയ്യണമെന്നും തുടർമാസങ്ങളിൽ മാസവരി അതാത് മാസം തന്നെ പിരിച്ചെടുക്കണമെന്നും തീരുമാനിച്ചു.
3. ഇടക്കാലാശ്വാസ ലെവി (2%) 31-12-2013ന് മുമ്പായി ശേഖരിച്ച് സംസ്ഥാനകമ്മിറ്റിക്ക് കൈമാറേണ്ടതാണ്.
4. സി.ഐ.ടി.യു സംസ്ഥാന പ്രവർത്തന ഫണ്ട് 2013 ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്ത ജില്ലാകമ്മിറ്റികൾ ഡിസംബറിൽതന്നെ കളക്ഷൻ പൂർത്തിയാക്കേണ്ടതാണ്.
5. ജനറൽസെക്രട്ടറിയുടെ അനാരോഗ്യംമൂലം ചുമതല താൽക്കാലികമായി ജോയിന്റ്സെക്രട്ടറി സ:പി.ദേവദാസ് (Mob. 9496643164) നിർവ്വഹിക്കണമെന്ന് തീരുമാനിച്ചു.

*അഭിവാദനങ്ങളോടെ,*

തിരുവനന്തപുരം
18-12-2013

**എസ്.മുരളികൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി

## 2013 ഡിസംബർ 3 ന് H.O ധർണ്ണ നടത്താനുള്ള തീരുമാനം അറിയിച്ചുകൊണ്ട് നമ്മുടെ പ്രസിഡന്റ് എം.ഡിയ്ക്ക് നൽകിയ കത്തിന് ലഭിച്ച മറുപടി

**KSFE**

**THE KERALA STATE FINANCIAL ENTERPRISES LIMITED**
(A Government of Kerala Undertaking)
Corporate Office: "*Bhadratha*", Thrissur – 680 020

നമ്പർ : 4372

തിയ്യതി : 03.12.2013

ശ്രീ.എ.കെ.ബാലൻ, MLA,
പ്രസിഡണ്ട്
കെ.എസ്.എഫ്.ഇ സ്റ്റാഫ് അസ്സോസിയേഷൻ

സർ,

വിഷയം :- തൊഴിൽ പ്രശ്നങ്ങൾ സംബന്ധിച്ച് 05.11.2013 ൽ താങ്കൾ നൽകിയ നിവേദനം.

********

താങ്കളുടെ 05.11.2013 ൽ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 29.11.2013 ൽ വിവിധ സംഘടനകളുമായി ചർച്ച നടത്തിയിരുന്നുവല്ലോ. ഇതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് 14% ഇടക്കാലാശ്വാസം നൽകുന്നതിനുവേണ്ട തീരുമാനമെടുത്തിട്ടുണ്ട്. ജീവനക്കാരുടെ പെൻഷൻ, ശമ്പളപരിഷ്കരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട തുടർചർച്ചകൾ ഉടനെ നടക്കുന്നതുമാണ്.

ജീവനക്കാരുടെ ട്രാൻസ്ഫർ ഓർഡർ ഉൾപ്പെടെ നിവേദനത്തിൽ ഉന്നയിച്ചിരിക്കുന്ന മറ്റ് വിഷയങ്ങളെ കുറിച്ച് ഉചിതമായ തീരുമാനങ്ങൾ സ്വീകരിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.
എന്ന്,

വിശ്വസ്തതയോടെ,
കെ.എസ്.എഫ്.ഇ.ക്കുവേണ്ടി,

**പി.രാജേന്ദ്രൻ**
**മാനേജിംഗ് ഡയറക്ടർ (ഇൻചാർജ്)**

NB:- പെൻഷൻ, പേ-റിവിഷൻ എന്നീ വിഷയങ്ങളിൽ അംഗങ്ങളുടെ അഭിപ്രായ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും സമയബന്ധിതമായി സംസ്ഥാന കമ്മിറ്റിക്ക് അത് കൈമാറുന്നതിനുമായി എല്ലാ ജില്ലയിലും സബ്കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. എറണാകുളം, ആലപ്പുഴ, കൊല്ലം ജില്ലാകമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ള Blog ഇതിനായി ഫലപ്രദമായി ഉപയോഗിക്കാൻ ബന്ധപ്പെട്ട കമ്മിറ്റികൾ ശ്രദ്ധിക്കേണ്ടതാണ്.

## എല്ലാ ജീവനക്കാർക്കും ക്രിസ്തുമസ്സ് നവവത്സര ആശംസകൾ

GV Ofset Printers, BLPM # 2400516